# ഗവ: വൊക്കേഷണൽ
# ഹയർ സെക്കന്ററി സ്കൂൾ
# കാഞ്ഞങ്ങാട്


കാഞ്ഞങ്ങാട് സൗത്ത് പി.ഒ, കാസറഗോഡ്

ഫോൺ : 0467 220 95 92

email : 12006kanhangad@gmail.com


## അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-2026**



**അക്കാദമിക മികവ്**

**വിദ്യാലയ മികവ്**

# SCHOOL PROFILE

| | | |
|---|---|---|
| സ്കൂൾ | : | ജി. വി. എച്ച്. എസ്. എസ്. കാഞ്ഞങ്ങാട് |
| സ്ഥാപിതമായ വർഷം | : | 1903 |
| വിഭാഗം | : | പൊതുവിദ്യാലയം |
| പഠനവിഭാഗങ്ങൾ | : | എൽ. പി, യു. പി, എച്ച്. എസ്, വി. എച്ച്. എസ്. ഇ |
| ജില്ല | : | കാസർഗോഡ് |
| ഉപജില്ല | : | ഹോസ്ദുർഗ്ഗ് |
| താലൂക്ക് | : | ഹോസ്ദുർഗ്ഗ് |
| മുൻസിപ്പാലിറ്റി | : | കാഞ്ഞങ്ങാട് |
| വില്ലേജ് | : | കാഞ്ഞങ്ങാട് സൗത്ത് |
| ബ്ലോക്ക് | : | കാഞ്ഞങ്ങാട് |
| ബി. ആർ. സി | : | ബി. ആർ. സി ഹോസ്ദുർഗ്ഗ്, പടന്നക്കാട് |
| പ്രധാനധ്യാപകൻ | : | അബ്ദുൾബഷീർ. എം. എ |
| ഫോൺ നമ്പർ | : | 9400810453 |
| സീനിയർ അസിസ്റ്റന്റ് | : | ശാരദ. സി |
| ഫോൺ നമ്പർ | : | 9497602858 |
| സ്കൂൾ ഇമെയിൽ ഐഡി | : | **12006kanhangad@gmail.com** |
| സ്കൂൾ കോഡ് | : | 12006 |
| ഫോൺ നമ്പർ | : | 04672209592 |

# ആമുഖം

ഓരോ കുട്ടിക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നാം നിരവധി പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോവുകയാണല്ലോ ? വിദ്യാലയ മികവിന്റെ മാനദണ്ഡം അക്കാദമിക മികവ് ആയി രൂപാന്തരപ്പെട്ട ഒരു കാലഘട്ടത്തിലാണ് അധ്യയനവും പഠനവും നിർവ്വഹിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക - അക്കാദമിക - സാമൂഹിക പശ്ചാത്തലം സ്വപ്ന തുല്യമായ മാറ്റങ്ങൾക്കാണ് വഴി വെച്ചത്. പതിനൊന്ന് ലക്ഷത്തിലധികം കുട്ടികൾ കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ പൊതുവിദ്യാലയങ്ങളിലേക്കെത്തുകയുണ്ടായി. സമൂഹത്തിന് പൊതു വിദ്യാഭ്യാസ ക്രമത്തിലുണ്ടായ വിശ്വാസം പതിൻമടങ്ങ് വർധിച്ചിരിക്കുകയാണ്. വിദ്യാഭ്യാസം അന്താരാഷ്ട്രവൽക്കരിക്കുന്നതിലേക്കും ക്ലാസ്റൂം പഠനം സ്മാർട്ടാക്കി മാറ്റുന്നതിലേക്കും നാം എത്തിക്കഴിഞ്ഞു. ആധുനിക കാലത്തിന്റെ മാറ്റങ്ങൾ പൂർണ്ണമായും ഉൾച്ചേർത്തു കൊണ്ടും ആധുനിക സാങ്കേതിക വിദ്യയെ പഠനത്തിലും ബോധത്തിലും സമർഥമായി പ്രയോജനപ്പെടുത്തിയുമുള്ള ഒരു വിദ്യാഭ്യാസ ക്രമത്തിലൂടെയാണ് നാം മുന്നേറുന്നത്. അറിവിനെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് വികസിക്കുന്ന ജ്ഞാന സമൂഹം എന്ന അത്യന്തിക ലക്ഷ്യവും നമുക്ക് മുന്നിലുണ്ട്.

മേൽലക്ഷ്യങ്ങളെല്ലാം കൈവരിക്കണമെങ്കിൽ ക്ലാസ് മുറികളിൽ കുട്ടിക്ക് ഏറ്റവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം തന്നെ ലഭിക്കണം. 2020-ലെ ദേശീയ വിദ്യാഭ്യാസനയവും 2010-ലെ വിദ്യാഭ്യാസ അവകാശനിയമവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായാണ് കാണുന്നത്.

ഗുണമേന്മവിദ്യാഭ്യാസം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുന്നതിന് 2017 മുതൽ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണല്ലോ? അക്കാദമിക മാസ്റ്റർ പ്ലാൻ എന്ന പേരിൽ സ്കൂളുകളിൽ അക്കാദമിക മുന്നേറ്റത്തിന് നാം സൂക്ഷ്മതല പദ്ധതി ആസൂത്രണം നടത്തിവരികയാണ്. നാം തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിലെ പല പദ്ധതികളും പൂർത്തിയാക്കുകയോ ഭാഗികമായി പൂർത്തിയാക്കുകയോ ചെയ്ത് വരികയാണല്ലോ ? സ്കൂളിന്റെ മൊത്തത്തിലുള്ള അക്കാദമിക അഭിവൃദ്ധി ലക്ഷ്യമാക്കി നാം തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളെ കാലികമായി പുതുക്കേണ്ടതുണ്ട്. അവയിലെ ഹ്രസ്വകാല ദീർഘകാല പദ്ധതികളുടെ തൽസ്ഥിതി പരിശോധിക്കപ്പെടുകയും വേണം. സ്കൂൾതല മാസ്റ്റർ പ്ലാനുകളിൽ നിന്നും ക്ലാസ് - വിഷയ - വ്യക്തിതല മാസ്റ്റർ പ്ലാനുകളിലേക്ക് നാം വളരേണ്ടതുണ്ട്. ആ നിലയ്ക്ക് സ്കൂൾതല മാസ്റ്റർ പ്ലാനിനെ കാലികമായി പുതുക്കി ആധുനിക കാലത്തിന് യോജിച്ച വിധത്തിലുള്ളതും കുട്ടിയെ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ളതും

ഗുണനിലവാരവിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്ന തരത്തിലുള്ള ഒരു ചുവട് വയ്പാണ് ഇവിടെ നടത്തിയിട്ടുള്ളത്.

കാഞ്ഞങ്ങാട് നഗരത്തിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുമ്പ് സൗത്ത് കാനറ യുടെ ഭാഗമായിരുന്ന പൊതുവിദ്യാലയമാണ് ജി.വി.എച്ച്.എസ്.എസ്.കാഞ്ഞങ്ങാട്. അക്കാദ മിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ജില്ലയിൽ തന്നെ ഏറ്റവും ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്ന വിദ്യാലയമാണിന്ന്. 1903-ൽ ഗവ: ബസിക് ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് മികവിന്റെ ഏറ്റവും വലിയ നെറുകയിലെത്തി നിൽക്കുകയാണ്. 2024 - 2025 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയവും ഒമ്പത് എ പ്ലസ് നേട്ടവും സീറോ ഡി പ്ലസും നേടാൻ കഴിഞ്ഞു. അബിക് കലോത്സവത്തിൽ ജില്ലയിൽ റണ്ണറപ്പാകാനും, മറ്റു കലാ-കായിക രംഗത്തും ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര- ഗണിതശാസ്ത്ര- പ്രവൃത്തി പരിചയമേളകളിലും ശാസ്ത്രരംഗം, വിദ്യാരംഗം മേളകളിലുമെല്ലാം അസൂയാവഹമായ നേട്ടമാണ് വിദ്യാലയം കരസ്ഥമാക്കിയത്. ഓരോ വർഷവും യു.എസ്.എസ് പരീക്ഷകളിൽ കൂടുതൽ കുട്ടികളെ വിജയികളാക്കാനും സാധിക്കുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിലും സാമൂഹിക പിന്തുണ ഉറപ്പാക്കിയുള്ള പ്രവർത്തനത്തിലും നാം മുമ്പെങ്ങുമില്ലാത്തവിധം മുന്നേറിയിട്ടുണ്ടെങ്കിലും ഇനിയും ചില മാറ്റങ്ങൾ വരേണ്ടതുണ്ട്. ഭാഗികമായി പണി പൂർത്തിയായി നിൽക്കുന്ന കെട്ടിടം പ്രവർത്തന സജ്ജമായാൽ മാത്രമേ ഭൗതിക സൗകര്യ കുറവുകൾക്ക് വലിയ ആശ്വാസമാകൂ. വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പി.ടി.എ നമ്മുടെ സ്കൂളിന്റെ മുതൽ കൂട്ടാണ്. ജാഗ്രത സമിതി, എസ്.എം.സി, മദർ പി.ടി.എ, വികസന സമിതി, പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയും ശ്രദ്ധേയ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു.

ഒന്നു മുതൽ വി.എച്ച്.എസ്.ഇ ക്ലാസ്സുകൾ വരെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ ആയിരത്തോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്. റെയിൽവെയ്ക്കും നാഷണൽ ഹൈവേയ്ക്കും ഇടയിൽ വരുന്ന വിദ്യാലയം എന്ന നിലയിൽ സ്ഥലപരിമിതിയും പലഘട്ടങ്ങ ളിലും നേരിടുന്നു. ലിറ്റിൽ കൈറ്റ്, ജെ.ആർ.സി സ്കൗട്ട് തുടങ്ങിയ യൂണിറ്റുകൾ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നുണ്ട്. വിവിധ വിഷയ ക്ലബ്ബുകളും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. സ്കൂൾ ലൈബ്രറി, ലാബ്, ഐ.ടി ലാബ് സംവിധാനങ്ങൾ സ്കൂളിന്റെ പ്രധാന ആകർഷണമാണ്. സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പിന്തുണ പിൽക്കാലത്ത് നല്ല രീതിയിൽ ലഭിച്ചുവരുന്നുണ്ട്.

പാഠ്യ പദ്ധതി ലക്ഷ്യമിടുന്ന മുഴുവൻ ശേഷികളും എല്ലാ കുട്ടികൾക്കും പ്രതീക്ഷിതനി ലവാരത്തിൽ ഉറപ്പുവരുത്തുവാൻ ലക്ഷ്യമിട്ടുള്ള ഒരു സൂക്ഷ്മതല ആസൂത്രണമാണ് ഇവിടെ

നടത്തുന്നത്. ഓരോ കുട്ടിക്കും ഗുണമേന്മ വിദ്യാഭ്യാസം എന്ന ആത്യന്തിക ലക്ഷ്യവും ഇതിനു പിന്നിലുണ്ട്. ഒപ്പം സ്കൂളിന്റെ ഭൗതിക സാമൂഹിക സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അതു വഴി അക്കാദമിക മികവ് വിദ്യാലയമികവ് എന്ന യാഥാർത്ഥ്യത്തിലേക്ക് ചുവടുവയ്ക്കാനും ഉദ്ദേശിച്ചാണ് ഇത്തരമൊരു ശ്രമം. ഇതിൽ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഉൾക്കൊള്ളി ച്ചിട്ടുമുണ്ട്. കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടും വിവര സാങ്കേതിക വിദ്യയെ പഠന ത്തിൽ ഉൾച്ചേർത്തുകൊണ്ടും നിലവിലുള്ള സമൂഹത്തെ വിജ്ഞാന സമൂഹത്തിലേക്ക് പരി വർത്തനപ്പെടുത്തും വിധമുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും കിട്ടുന്നവിധമുള്ള പ്രവർത്തന ങ്ങളിലൂടെ വികസിക്കുന്നു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുക എന്നതാണ് നമ്മുടെ പരമപ്രധാന ലക്ഷ്യമെങ്കിലും ഇന്ന് സമൂഹത്തെ കാർന്നുതിന്നുന്ന ലഹരി മാഫിയകൾക്കെതി രെയും മറ്റു സാമൂഹിക വിപത്തുകൾക്കെതിരെയുമുള്ള ബോധവൽക്കരണവും അത്യന്താപേ ക്ഷിതമാണ്.

'പൊതുവിദ്യാലയങ്ങൾ നാടിന്റെ കണ്ണുകളാണ്' ഇവ നശിച്ചാൽ ഒരു സമൂഹം തന്നെ അന്ധകാരത്തിലാകും. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ ഓരോരുത്ത രുടെയും ഉത്തരവാദിത്തമാണ്. 2017 മുതൽ നടപ്പാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലരയിൽ ഇതിവരെ ദർശിക്കാത്തവിധത്തിലുള്ള കുതിപ്പിനാണ് സാക്ഷ്യം വഹിച്ചത്. അക്കാദമിക നിലവാരം ഉയർത്തി വിദ്യാലയ മികവുണ്ടാക്കി സമൂഹത്തി ലേക്ക് പ്രേഷണം ചെയ്യുന്നതിനാൽ പൊതുസമൂഹത്തിന്റെ വിശ്വാസം പതിൻമടങ്ങ് വർധിപ്പി ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തൽ, ഹൈടെക് വിദ്യാഭ്യാസം, എല്ലാവർക്കും ഗുണമേന്മ വിദ്യാഭ്യാസം, പോസ്റ്റ് കോവിഡ്കാര വിദ്യാഭ്യാസം, വിജ്ഞാന സമൂഹസൃഷ്ടി തുടങ്ങി ഏറ്റവും കാലികമായ ലക്ഷ്യങ്ങൾ കൂടി നാം സാക്ഷാത്കരിക്കുന്നതിനുള്ള യാത്രയിലാണ്. ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ നമ്മുടെ ഈ ആസൂത്രണം, ....മാസ്റ്റർപ്ലാൻ സഹായകമാകട്ടെ....

# ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി ലക്ഷ്യമിട്ടിട്ടുള്ള പഠനനേട്ടങ്ങൾ/ശേഷികൾ മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത നിലവാരത്തിൽ ഉറപ്പാക്കൽ.
- കുട്ടിയെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് വിദ്യാലയ-ക്ലാസ് റൂം പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ.
- ഓരോ കുട്ടിയിലുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിഷോപിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- മഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പ് വരുത്തൽ.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ലാബ്, ലൈബ്രറി നവീകരണവും പഠനത്തിൽ ഉൾച്ചേർക്കലും.
- ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ സ്കൂൾതലത്തിലും ക്ലാസ്തലത്തിലും അക്കാദമിക പ്രവർത്തനങ്ങളിൽ പ്രാവർത്തികമാക്കൽ.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- സാമൂഹിക തിന്മകൾക്കെതിരെയുള്ള (ലഹരി, മദ്യം, പുകയില) ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- ഗിഫ്റ്റഡ് (പ്രതിഭകൾ) വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രതിഭാപോഷണ പരിപാടികൾ സംഘടിപ്പിക്കൽ.
- വിവിധ ദിനാചരണപ്രവർത്തനങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കൽ.
- പിന്നോക്കം പിൽക്കുന്ന കുട്ടികളെ പ്രത്യേക പിന്തുണ നൽകി മുഖ്യധാരയിലെത്തിക്കൽ.
- ആരോഗ്യ കായിക വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ മികവാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- ക്ലാസ് പി.ടി.എ ശാക്തീകരണവും കുട്ടികളുടെ പഠന പുരോഗതിയിൽ പ്രയോജനപ്പെടുത്തുലും.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും നേടുന്നവിധം ശാസ്ത്രലാബ് മെച്ചപ്പെടുത്തൽ.
- പ്രതിഭാപോഷണ പരീക്ഷകളായ എൽ.എസ്.എസ്,യു.എസ്.എസ്, എൻ.എം.എം.എസ്, അറബിക്, സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷകളിൽ മുന്നേറ്റമുണ്ടാക്കൽ.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കൽ.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ വ്യത്യസ്തങ്ങളായ അഭിരുചികളും കഴിവു.കളും പോഷിപ്പിക്കാൻ ടാലന്റ് ലാബുകൾ വികസിപ്പിക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടതും, പ്രത്യേകപരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യൽ.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവപരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യൽ.

# മികവുകൾ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നമ്മുടെ വിദ്യാലയത്തിൽ നാം തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പ്രകാരം വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോയതിലൂടെ ഒട്ടേറെ മികവുകൾ പാഠ്യ പാഠ്യേതര രംഗങ്ങളിൽ നേടാൻ കഴിഞ്ഞു. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- 2024 -2025 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ കുട്ടികളെയും വിജയിപ്പിക്കാനും കൂടുതൽ കുട്ടികൾക്ക് ഫുൾ എ പ്ലസ് നേടാനും കഴിഞ്ഞു.
- സ്കൂൾ സയൻസ് ക്ലബ്ബ് ഏറ്റെടുത്ത് നൂതനങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾ പരിഗണിച്ചും കുട്ടികളുടെ പഠനവിടവ് മറികടക്കാൻ ശാസ്ത്ര സർഗാത്മകതയെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വേറിട്ട അക്കാദമിക പരീക്ഷണങ്ങൾക്ക് എസ്.എസ്.കെ ഹോസ്ദുർഗ്ഗ് ബി.ആർ.സി ബെസ്റ്റ് ഇന്നൊവേറ്റീവ് സ്കൂൾ പുരസ്കാലം ലഭിക്കുകയുണ്ടായി.
- സ്കൂളിലെ വിദ്യാർത്ഥികളായ നിദയും, ശിഖയും പ്രാദേശികതലത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പഠിച്ച് തയ്യാറാക്കിയ ഗവേഷണ പ്രൊജക്ടുകൾ സംസ്ഥാന ബാല ശാസ്ത്ര കോൺഗ്രസിലേക്കും സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസിലേക്കും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.
- സ്കൂളിലെ വിവിധ ക്ലബ്ബുകൾ ഏറ്റെടുക്കുന്ന സാമൂഹ്യ ബന്ധിയായ നിരവധി പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ വലിയ വിശ്വാസ്യതയ്ക്കും അംഗീകാരത്തിനും ഇടയാക്കിയിട്ടുണ്ട്.
- ശാസ്ത്ര - സാമൂഹ്യശാസ്ത്ര - ഗണിത - പ്രവൃത്തിപരിചയ - ഐ.ടി മേളകളിൽ സ്കൂൾ ജില്ലാതലത്തിൽ കൂടുതൽ മികവാർന്ന മുന്നേറ്റം കാഴ്ചവെച്ചിട്ടുണ്ട്.
- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്കൂളിലെ അർജ്ജുൻ കൃഷ്ണ ഓട്ടൻ തുള്ളൽ ഇനത്തിൽ മത്സരിക്കുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.
- ലഹരികൾ എന്ന സാമൂഹ്യ വിപത്തിനെതിരെ സർഗാത്മക പ്രതിരോധം എന്ന നിലയിൽ ഒട്ടേറെ വേറിട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും പൊതുസമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കിയുള്ള തനത് സർഗാത്മക പ്രതിരോധശൈലി ആവിഷ്കരിക്കാനും കഴിഞ്ഞിട്ടുണ്ട്. സ്കൂൾ ജാഗ്രതസമിതിയുടെ പ്രവർത്തനങ്ങൾ പോലീസ് സേനയുടെ അടക്കം പ്രശംസ പിടിച്ചുപറ്റാൻ സഹായകമായിട്ടുണ്ട്.
- സ്കൂളിന്റെ അക്കാദമിക ഉയർച്ച ഉറപ്പാക്കുംവിധം സക്രിയമായി പ്രവർത്തിക്കുന്ന പി.ടി.എ, മദർ പി.ടി.എ, എസ്.എം.സി, ജാഗ്രതസമിതി എന്നിവ സ്കൂളിന്റെ മുതൽ

കൂട്ടാണ്. ഈ ഏജൻസികളുടെ ഏകോപനം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ മൊത്തത്തിലുള്ള മുഖച്ഛായ മാറ്റുന്നതിലേക്ക് വഴിവെച്ചിട്ടുണ്ട് (ഭൗതികം-അക്കാദമികം-സാമൂഹികം).

- യു.എസ്.എസ് പരീക്ഷയിൽ വർഷാവർഷം കൂടുതൽ കുട്ടികൾ മികച്ച വിജയങ്ങൾ കരസ്ഥമാക്കുന്നുണ്ട്.
- പ്രതിഭാപോഷണ പരിശീലനം (യു.എസ്.എസ്, എൻ.എം.എം.എസ്) സ്കൂളിലെ ഗിഫ്റ്റഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൂടുതൽ മുന്നേറാനുള്ള അവസരമൊരുക്കുന്നു.
- പഠനത്തിൽ പിന്നോക്കക്കാർക്കുള്ള അധികപിന്തുണ പരിപാടികളായ ‘ശ്രദ്ധ’ മികവിലേക്കൊരു ചുവട്, ‘ഒപ്പം’ എന്നിവ മികച്ച രീതിയിൽ സ്കൂളിൽ നടപ്പിൽ വരുത്താനും അതാത് വർഷം കൂടുതർ മികവോടെ മുന്നോട്ടുകൊണ്ടുപോകാനും സാധിക്കുന്നു.
- ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ കൂടുതൽ മികവാർന്ന ഇടപെടൽ നടത്തിവരുന്നു. കൂടുതൽ കുട്ടികളെ നാഷണൽ സ്റ്റേറ്റ് തലങ്ങളിലേക്ക് കായിക മികവിൽ എത്തിക്കാൻ കഴിയുന്നുണ്ട്.
- വിവിധ ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായും ക്ലാസ് റൂം പഠനവുമായും ബന്ധിപ്പിച്ച് നടപ്പാക്കാൻ ശ്രമിക്കുന്ന ബദൽ മാതൃകകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ എന്നിവ സമയാ സമയം ചേരുകയും കൃത്യമായ അക്കാദമിക ചർച്ചയും ആസൂത്രണവും നടക്കുന്നതിനാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ അക്കാദമിക അഭിവൃദ്ധി 2023 - 2024 വർഷത്തിൽ നേടാനായി.

## പരിമിതികൾ (വെല്ലുവിളികൾ)

മികവുകൾ ഒട്ടേറെ അവതരിപ്പിക്കാറുണ്ടെങ്കിലും അക്കാദമിക രംഗത്ത് ഇനിയും പരിഹരിക്കേണ്ടതായിട്ടുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഭൗതിക - സാമൂഹിക രംഗത്തെ പ്രശ്നങ്ങളെ കൂടി ഈയവസരത്തിൽ പരാമർശിക്കപ്പെടണം. അക്കാദമിക അഭിവൃദ്ധി എന്നതും ഗുണമേന്മ വിദ്യാഭ്യാസം എന്നതുമെല്ലാം മറ്റു രണ്ടണു ഘടകങ്ങളെ കൂടി ആശ്രയിച്ചുള്ളതാണ് എന്ന് സാരം. നിലനിൽക്കുന്ന പ്രധാന വെല്ലുവിളികളെ മൂന്ന് മേഖലകളായി അവതരിപ്പിക്കുന്നത് നല്ലതായിരിക്കും.

### അക്കാദമികം

- ⇨ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി ലക്ഷ്യമിടുന്ന പഠന നേട്ടങ്ങൾ പ്രതീക്ഷിത നിലവാരത്തിൽ ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- ⇨ ഭിന്നനിലവാരക്കാരുടെ അനുരൂപീകരണം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ല.
- ⇨ അടിസ്ഥാന ശേഷിയിൽ പിന്നോക്കം നിൽക്കുന്ന (എഴുത്ത്, വായന, ഗണിതം) ഒരു നിശ്ചിത ശതമാനം കുട്ടികൾ.
- ⇨ ഓരോ കുട്ടിയുടെയും കഴിവ് കണ്ടെത്തി പരിപോഷിക്കുന്നതിന് പരിമിതി നേരിടുന്നു.
- ⇨ ടാലന്റ് ലാബുകൾ ആശയം പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ല.
- ⇨ IED വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനപിന്തുണ ഉറപ്പ് വരുത്താൻ വേണ്ടത്ര റിസോഴ്സ് അധ്യാപകർ ഇല്ല.
- ⇨ കുട്ടികൾക്ക് ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
- ⇨ പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- ⇨ പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
- ⇨ ക്ലാസ് ലൈബ്രറി, ക്ലാസ് ലാബ് തുടങ്ങിയ ആശയങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.
- ⇨ കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ്/ കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.
- ⇨ പഠന പ്രവർത്തനങ്ങളുടെയും ക്ലാസ്റൂം പ്രവർത്തനങ്ങളുടെയും ഭാഗമായി പൂർണതലത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നില്ല.
- ⇨ വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ റിസോഴ്സ് അധ്യാപകരുടെ അഭാവം.

- ⇨ കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.
- ⇨ കോവിഡ് സൃഷ്ടിച്ച പഠനവിടവുകളുടെ അംശങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. പൂർണ്ണതലത്തിൽ പഠനവിടവ് മറികടക്കാൻ സാധിച്ചിട്ടില്ല.
- ⇨ ഓൺലൈൻ ഓഫ്‌ലൈൻ മോഡുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ബ്ലൻഡഡ് സമീപനം പൂർണ അർത്ഥത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
- ⇨ ആധുനിക സാങ്കേതിക വിദ്യകളെ പൂർണ്ണമായും പഠനത്തിലും ബോധത്തിലും പ്രയോജനപ്പെടുത്താൻ കഴിയും വിധമുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ മുഴുവൻ ക്ലാസ്സുകളിലും ഇല്ല.
- ⇨ സ്കൂളിന് സമീപമുള്ള പ്രാദേശിക സാധ്യതകളും ലോക്കൽ ടെക്സ്റ്റുകളും പഠനത്തിൽ വേണ്ട രീതിയിൽർ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
- ⇨ ഭാഷാ ലാബ്, സാമൂഹ്യശുസ്ത്ര ലാബ്, ഗണിത ലാബ് തുടങ്ങിയ ആശയങ്ങൾ വേണ്ടത്ര പ്രായോഗികവൽക്കരിക്കാൻ കഴിഞ്ഞിട്ടില്ല.
- ⇨ കുട്ടികളിൽ ഗവേഷണ മാനോഭാവവും അന്വേഷണാത്മകതയും വളർത്തും വിധമുള്ള കൂടുതൽ സ്ലോട്ടുകൾ പാഠ്യപദ്ധതിയിൽ ഇല്ല.

അക്കാദമിക രംഗത്തെ പരിമിതികൾ പരിശോധിക്കുമ്പോൾ അത് ഭൗതിക സാമൂഹികതലത്തിലും മുൻനിർത്തിയും വിശകലനം ചെയ്യപ്പെടണം.

## ***ഭൗതികം***

- ➢ ഭാഗികമായി പണിപൂർത്തിയായ കെട്ടിടം നിലവിൽ കുട്ടികൾക്ക് ക്ലാസ്റൂമു.കളുടെ പരിമിതിയുണ്ടാകുന്നു.
- ➢ റിസോഴ്സ് റൂമുകളുടെ അഭാവം.
- ➢ സ്കൂൾ സ്ഥിതി ചെയ്യുന്നത് ഭൂമിശാസ്ത്രപരമായി റെയിൽവെലൈനും നാഷണൽ ഹൈവേക്കുമിടയിലുള്ള സ്ഥലത്തായതിനാൽ കുട്ടികൾക്ക് വേണ്ടത്ര പെരുമാറാനാവശ്യമായ സ്ഥലപരിമിതി നിലനിൽക്കുന്നു.
- ➢ ടോയ്‌ലറ്റുകൾ പൂർത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
- ➢ ക്ലാസ് ലൈബ്രറി, ക്ലാസ് ലാബ് - ആശയം പ്രായോഗികവൽക്കരിക്കാൻ സ്ഥല പരിമിതി.
- ➢ കലാ-കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
- ➢ വിദ്യാലയം ഒരു പാഠപുസ്തകം എന്ന നിലയിൽ ആകർഷകമാക്കാൻ കഴിഞ്ഞിട്ടില്ല.
- ➢ ഭിന്നശേഷി സൗഹൃദപരമായ കെട്ടിടങ്ങളുടെയും സൗകര്യങ്ങളുടെയും അഭാവം.

## സാമൂഹികം

- വിദ്യാലയ പ്രവർത്തനങ്ങളിൽ പൂർണതലത്തിലുള്ള സാമൂഹിക പങ്കാളിത്തത്തിന്റെ കുറവ്.
- വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ സ്കൂളിന് സമീപത്തെ പ്രാദേശിക സമൂഹത്തിന്റെ പിന്തുണയുടെ അഭാവം.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
- പി.ടി.എ-യെ പോലെ മറ്റു ഘടകങ്ങൾ പൂർണതലത്തിൽ പ്രവർത്തനക്ഷമമല്ല.
- പ്രാദേകിക വിഭവഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എൽ.പി വിഭാഗം – മലയാളം

### ലക്ഷ്യങ്ങൾ

1. ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.
2. സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു.
3. പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.
4. ലളിതമായ കഥകൾ ലഘുവാക്യങ്ങളിലൂടെ പറയുകയും എഴുതുകയും ചെയ്യുന്നു.
5. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
6. വായന പരിപോഷണം.
7. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കാനുള്ള ശേഷി ഉണ്ടാക്കുന്നു.
8. രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര ഡയറി തയ്യാറാക്കുന്നു.
9. എല്ലാ കുട്ടികൾക്കും ആകർഷകവും സമഗ്രവുമായ സചിത്രനോട്ട്ബുക്ക് ഉറപ്പാക്കൽ.
10. കഥകൾ കേട്ടാസ്വാദിക്കുകയും കഥാപൂരണം നടത്തുകയും ചെയ്യുന്നു.
11. ഒരു സാഹിത്യരൂപത്തെ വ്യത്യസ്തരൂപത്തിൽ ആവിഷ്‌രിക്കുന്നു.

12. കുട്ടികളെ മികച്ച വായനക്കാരാക്കുക.

13. സർഗ്ഗാത്മക രചനകളിലേർപ്പെടുന്നു.

14. കഥ, കവിത ആസ്വാദന പ്രവർത്തനങ്ങൾ നടത്തുന്നു.

15. വിവിധ സാഹിത്യരൂപങ്ങൾ/രചനകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.

16. ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ.

17. സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ (ആത്മകഥ, അനുഭവക്കുറിപ്പ്), വായനസാമഗ്രികളുടെ നിർമ്മാണം.

18. പ്രാദേശിക ഭാഷാ നിഘണ്ടു തയ്യാറാക്കൽ.

19. കവികളെയും കൃതികളെയും പരിചയപ്പെടൽ.

## പ്രതീക്ഷിത നേട്ടങ്ങൾ

1. വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കൽ.

2. പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു.

3. കവിത, സംഭാഷണം, വിവരണം എന്നിവ തയ്യാറാക്കുന്നു.

4. കഥകൾ പറയാനും ലഘുവാക്യങ്ങളിൽ എഴുതാനും സാധിക്കുന്നു.

5. ഭാഷാപരമായ ശേഷികൾ കൈവരിക്കുന്നു.

6. കുട്ടിയെ മികച്ച വായനക്കാരാക്കുന്നു.

7. ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു.

8. രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര ഡയറി.

9. സചിത്രനോട്ടിലൂടെ പാഠഭാഗത്തെ ആശയങ്ങൾ ഉറപ്പിക്കുന്നു.

10. കഥ ആസ്വദിക്കുന്നു, കഥാപൂരണം നടത്തുന്നു.

11. ഒരു വ്യവഹാര രൂപത്തെ വ്യത്യസ്ത രൂപത്തിൽ ആവിഷ്ക്കരിക്കുന്നു.

12. കുട്ടികളെ മികച്ച വായനക്കാരാക്കുന്നു.

13. കുട്ടികളിൽ സർഗ്ഗാത്മക രചനാശേഷി വളർത്തുന്നു.

14. വിവിധ വ്യവഹാര രൂപങ്ങളിലൂടെ ഭാഷാവികസനം സാധ്യമാകുന്നു.

15. വിവിധ സാഹിത്യരചനകളെക്കുറിച്ച് മനസ്സിലാക്കുന്നു.

16. പാഠഭാഗത്തെ ആശയത്തെ നാടകീകരിക്കുന്നു.

17. വിവിധ സാഹിത്യരചനകളിൽ ഏർപ്പെടൽ.

18. പ്രാദേശിക ഭാഷാവ്യതിയാനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.

19. ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | പദകാർഡ് നൽകൽ, അക്ഷരകാർഡ് നൽകൽ, പദങ്ങൾക്കിടയിൽ വരയിടൽ | ആഗസ്ത് - സെപ്തംബർ | ഒന്നാം ക്ലാസ് അധ്യാപിക | |
| സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടി ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ എഴുതുന്നു, വാക്യങ്ങൾ എഴുതുന്നു, ആശയങ്ങൾ എഴുതുന്നു. | പദനിർമ്മാണം, വാക്യനിർമ്മാണം, വാക്കുകൾ കണ്ടെത്തൽ, എത്ര പദങ്ങൾ ? പൂരിപ്പിക്കൽ | ആഗസ്ത് - ഡിസംബർ | ഒന്നാം ക്ലാസ് അധ്യാപിക | |
| പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സംഭാഷണങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു. | കഥയെ മാറ്റിപ്പറയാം, സംഭാഷണമെഴുതാം, മാറ്റിപ്പാടാം, പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ - ജനുവരി | ഒന്നാം ക്ലാസ് അധ്യാപിക, എസ്.ആർ.ജി | |
| ലളിതമായ കഥകൾ, ലഘുവാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു. | ചോദ്യം ചോദിക്കാം, ബാക്കി പയറാം, കഥാചാർട്ട് പൂർത്തിയാക്കൽ, ചിത്ര കാർഡ് | ആഗസ്ത് - ഫെബ്രുവരി | ഒന്നാം ക്ലാസ് അധ്യാപിക | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു. | • അക്ഷരക്കാർഡ് വിതരണം ചെയ്ത് വായനയിലേക്ക് ഊന്നൽ നൽകൽ<br>• അക്ഷര-ചിത്ര-വാക്യകാർഡുകൾ ഉപയോഗിച്ചുള്ള വായന<br>• വാക്യനിർമ്മാണം - ചിത്രങ്ങൾ നിരീക്ഷിച്ച് | ജൂൺ - ആഗസ്ത് | രണ്ടാം ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായന പരിപോഷിപ്പിക്കൽ | • വായനകാർഡുകൾ നിർമ്മാണം<br>• പത്രവായന, ഡയറിക്കുറിപ്പ് അവതരണം<br>• വായനാ കുറിപ്പ് തയ്യാറാക്കൽ<br>• വായനാനുഭവങ്ങൾ പങ്കുവെയ്ക്കൽ<br>• വായനാമത്സരം | ജൂൺ - മാർച്ച് | രണ്ടാം ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കാനുള്ള ശേഷി ഉണ്ടാക്കുന്നു. | • വിവിധ കലാപരിപാടികൾ അവതരിപ്പിക്കൽ<br>• സ്കിറ്റ്<br>• കടങ്കഥ<br>• ബാലസഭ<br>• വായിച്ച കഥകൾ/പാട്ടുകൾ ഇവയുടെ<br>• അവതരണം | ഡിസംബർ - മാർച്ച് | രണ്ടാം ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | |
| രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര ഡയറി തയ്യാറാക്കൽ | • ശില്പശാല<br>• സചിത്ര ഡയറി പരിചയപ്പെടുത്തൽ<br>• മാതൃകാവതരണം | ജൂലായ് - മാർച്ച് | രണ്ടാം ക്ലാസ് ടീച്ചർ, സി.പി.ടി.എ | |
| എല്ലാ കുട്ടികൾക്കും ആകർഷകവും സമഗ്രവുമായ സചിത്രനോട്ട് ബുക്ക് ഉറപ്പാക്കൽ | • ശില്പശാല<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെ ശേഖരണം<br>• ആശയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | രണ്ടാം ക്ലാസ് ടീച്ചർ, സി.പി.ടി.എ, ബി.ആർ.സി | 1000/- ബി.ആർ.സി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കഥകൾ കേട്ട് ആസ്വദിക്കുന്നതിനും കഥാ പൂരണം നടത്തുകയും ചെയ്യുന്നു | • കൂടുതൽ കഥകൾ കണ്ടെത്തി വായിക്കൽ<br>• കഥയുടെ ആശയാവതരണം<br>• കഥാപൂരണം നടത്തൽ<br>• കഥാപതിപ്പ് തയ്യാറാക്കൽ | ജനുവരി - മാർച്ച് | രണ്ടാം ക്ലാസ് ടീച്ചർ | 1000/- പി.ടി.എ |
| ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റി എഴുതുന്നു | • പാഠഭാഗത്തെ കവിതയുടെ/കഥയുടെ ഓഡിയോ, വീഡിയോ പ്രദർശനം.<br>• പരിചയപ്പെട്ട കവിതയെ / കഥയെ നാടക രൂപത്തിലേക്ക് മാറ്റി എഴുതുകയും അവതരിപ്പിക്കുകയും ചെയ്യുന്നു | ജൂൺ - ആഗസ്ത് | മൂന്നാം ക്ലാസ് ടീച്ചർ | |
| നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങളുടെ ശേഖരണവും അവതരണവും | • കഥ / കവിത ശേഖരിക്കൽ, അവയെ റോൾപ്ലേ, മൈമിംഗ് എന്നിവയിലൂടെ അവതരിപ്പിക്കൽ | സെപ്തംബർ - ഒക്ടോബർ | മൂന്നാം ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മക രചനകളിലേർപ്പെടൽ, വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ | • ആശംസാകാർഡ് നിർമ്മാണം<br>• കൂട്ടുകാരന് കത്തെഴുതൽ<br>• കഥയെ നാടകരൂപത്തിലാക്കാൽ<br>• കഥയരങ്ങ്, രചനാ ശിൽപ്പകാല | ആഗസ്ത് - മാർച്ച് | മൂന്നാം ക്ലാസ് ടീച്ചർ, എസ്.ആർ.ജി | 2000/- പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കഥ, കവിത ആസ്വാദന പ്രവർത്തനങ്ങൾ | • കവിയരങ്ങ്<br>• കവിതാരചന, കഥാരചന, പതിപ്പ് നിർമ്മാണം<br>• പ്രാദേശിക എഴുത്തുകാരുമായി സംവദിക്കൽ<br>• ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | ആഗസ്ത് - മാർച്ച് | മൂന്നാം ക്ലാസ് ടീച്ചർ, എസ്.ആർ.ജി, സി.പി.ടി.എ | |
| വിവിധ സാഹിത്യരൂപങ്ങൾ/രചനകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ക്ലാസ് ലൈബ്രറിവിപുലീകരണം, വർഗീകരിച്ച് ക്രമീകരിക്കൽ, വിതരണ രജിസ്റ്റർ, പുസ്തക പരിചയം, ചർച്ച | ജൂൺ - മാർച്ച് | നാലാം ക്ലാസ് ടീച്ചർ, പി.ടി.എ, എസ്.ആർ.ജി | 2000/- |
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട കഥ/കവിത എന്നിവയുടെ നാടകാവിഷ്ക്കാരം, നാടകക്കളരി | പ്രതിമാസ പരിപാടി | വിദ്യാരംഗം | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ (ആത്മകഥ, അനുഭവക്കുറിപ്പ്) വായന സാമഗ്രികളുടെ നിർമ്മാണം | • രചനാ പ്രവയർത്തനങ്ങളിൽ ഏർപ്പെടുന്നു<br>• പതിപ്പ് നിർമ്മാണം | ജൂൺ - മാർച്ച് | നാലാം ക്ലാസ് ടീച്ചർ, എസ്.ആർ.ജി സി.പി.ടി.എ | 2000/- പി.ടി.എ |
| പ്രാദേശിക ഭാഷാ നിഘണ്ടു തയ്യാറാക്കൽ | പ്രാദേശിക വാക്കുകൾ ശേഖരിച്ച് നിഘണ്ടു തയ്യാറാക്കുന്നു | സെപ്തംബർ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ, എസ്.ആർ.ജി | 500/- |
| കവികളെയും കൃതികളെയും പരിചയപ്പെടൽ | പാഠഭാഗവുമായി ബന്ധപ്പെട്ട കവിയുടെ ചിത്രവും കവിതയും ശേഖരിക്കൽ, ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# ACADEMIC MASTER PLAN

***SUBJECT : ENGLISH*** ***CLASS : 1 TO IV (LP)***

| Aim | Activities | Duration | Agency | Financial Source | Remarks |
|---|---|---|---|---|---|
| Enjoys song and sings tem with rhythm and action | • Give a chance to her a simple song with the help of ICT.<br>• Enjoys the song with rhythm<br>• Singing together and find rhyming word.<br>• Singing the song with an action. | June<br>-<br>August | Teacher | | |
| Writes the lines of poem with simple words. Add more lines | • Gives incomplete lines of poem and learners add more lines with familiar words of them. | August<br>-<br>February | Teacher | | |
| To develop speaking skill | • Give picture to learners and write the description about the picture with simple and familiar words. Pupil have a chance to growing the sentences.<br>• Picture reading is most helpful process of developing the speaking skill.<br>• Self introduction<br>• Speech competition<br>• Assembly activities<br>• Quiz riddles<br>• School radio | August<br>-<br>December | | | |

| Aim | Activities | Duration | Agency | Financial Source | Remarks |
|---|---|---|---|---|---|
| To develop reading skill.<br>♦ Interested with the library system and compete to read more and more books. | • Make class library<br>• Class library system always authenticate the librarian of the class and it process with the help of teacher.<br>• Collecting some English magazines to class library. | August<br>-<br>March | Teacher | | |
| To improving communication skills in English language | • The learner engage and participate in simple communicative contexts such as responding to questions, instructions, directions pictures etc…<br>• Act and mime, draw pictures.<br>• Describes animals and other pictures. | September<br>–<br>December | Teacher | | |
| To develop open reading | • News paper reading in class room. It continues in school Assembly.<br>• Make a book review in the class room.<br>• Describing words. | Throughout the years | Teacher | | |
| To develop the writing skill | • Make word web.<br>• Make a word chain.<br>• Make words and sentences make riddles with familiar words such as – "The bird who cleans our surroundings" - Craw | June<br>-<br>February | Teacher | | |

| Aim | Activities | Duration | Agency | Financial Source | Remarks |
|---|---|---|---|---|---|
| To develop drawing skills. When teacher give an instruction while drawing listen that instruction and engage some games | • Engage in games and comprehend the instruction given by the teacher.<br>• Pupil can involve simple games with listening instructions. | Weekly | Teacher | | |
| To develop reading. Writing and speaking skills to students. | • Conduct an Assembly two times in a week. It always totally controlled by students. | Throughout the year | Teacher | | |
| To write without mistake. | • Learners can improve their vocabulary and communication skill by writing daily diary. | Throughout the year | Teacher | | |
| Better communication skill and writing skill achieve our learners.<br>(Make a confidence to pupil to handling English language) | • Reading competition editing and art and creative innovation activities. | Teacher | | | |
| English theatre creative skills | • The part of a lesson convert in different discussion forms. Like; drama, skit, conversation, storytelling… etc… | January | SMC | | |
| To rewind the content of the lessons | • Unit test (Monthly) | June - March | SMC | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എൽ.പി വിഭാഗം – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാരശീലങ്ങളും, ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | • ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ - ജൂലൈ- ആഗസ്ത് | ക്ലാസ് ടീച്ചർ, പി.ടി.എ | |
| പ്രകൗതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | • പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ - ജനുവരി | ക്ലാസ് ടീച്ചർ, പി.ടി.എ | പി.ടി.എ |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സൂമഹവും സൃഷ്ടിക്കുന്നതിന് | • ശുചിത്വസർവ്വേ, ക്ലാസുകൾ പോസ്റ്റർ രചനാമത്സരം, അവതരണങ്ങൾ | ജൂൺ - ജൂലൈ | ടീച്ചേഴ്സ് | |
| പ്രകൃതിയെ അറിയാൻ | • പ്രകൃതിനടത്തം, കാഴ്ചബംഗ്ലാവിലേക്ക്, കാണാക്കാഴ്ചകൾ | സെപ്തംബർ - ഡിസംബർ | ടീച്ചേഴ്സ്, പി.ടി.എ | പി.ടി.എ |
| നാടറിയാൻ - നാട്ടറിവുകൾ | • കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | നാട്ടുകാർ | |
| ശാസ്ത്രബോധം വളർത്തുക | • കണ്ടെത്താം അറിയാം, ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>• കുറിപ്പ് തയ്യാറാക്കൽ. | ജൂൺ - ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി വിഭവ സംരക്ഷണം | • ജൈവ-വൈവിധ്യപാർക്ക്<br>• തടയണ- മഴക്കുഴി നിർമ്മാണം<br>• ജലസ്രോതസ്സുകൾ<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ആവശ്യാനുസരണം | പി.ടി.എ | പി.ടി.എ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ | • ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീട്ടിനകത്തും<br>• ശാസ്ത്രമാസികകൾ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| പ്രകൃതി നടത്തം നിരീക്ഷണം - അറിവുനിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ, പി.ടി.എ | പി.ടി.എ |
| ശാസ്ത്രമൂല | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | • പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രയാത്ര<br>ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | • വാനനിരീക്ഷണകേന്ദ്രം<br>• സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ, പി.ടി.എ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ -ഭൂപടവായന -<br>സൂചിക-പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചികാ നിർമ്മാണം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| ശാസ്ത്രവിസ്മയ ചുമർ ശാസ്ത്രപഠനം ശാസ്ത്രപഠനവസരമാക്കൽ | • ശാസ്ത്രപഠനം രസകരമാക്കലുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • പതിപ്പ് - ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രമാസിക<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | • ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എൽ.പി വിഭാഗം – ഗണിതം

### ആമുഖം

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതപഠനം ഏറെ സ്വാധീനിക്കുന്നുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | • സംഖ്യകളുടെ വ്യാഖ്യാനം സംഖ്യാബോധം ഇവ ഉറപ്പിക്കുന്നതിനായി സംഖ്യാ കാർഡുകൾ നിർമ്മാണം.<br>• കളിനോട്ടുകൾ ഉപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടാനായി കളിനോട്ടുകൾ ശേഖരിക്കൽ/നിർമ്മാണം<br>• ഗണിത വിജയം, ഉല്ലാസ ഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജൂൺ - ജൂലൈ<br>ജൂലൈ - ആഗസ്ത്<br>ജൂൺ | എസ്.ആർ.ജി, അധ്യാപകർ<br>അധ്യാപകർ, രക്ഷിതാക്കൾ<br>അധ്യാപകർ, രക്ഷിതാക്കൾ | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | • ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു.<br>• ക്ലോക്ക് നിർമ്മാണം<br>• കലണ്ടർ പരിചയപ്പെടുന്നു<br>• കലണ്ടർ നിർമ്മാണം | ജൂലൈ - ആഗസ്ത് | അധ്യാപകർ, രക്ഷിതാക്കൾ<br>അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷി കൾ നേടിയെന്ന് ഉറപ്പാക്കുക | • യൂണിറ്റ് ടെസ്റ്റ്<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഗണിതം ലളിത പരിശീലന പരിപാടി | ആഗസ്ത് | അധ്യാപകർ | |
| ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | • ICT സാധ്യതകൾ ക്ലാസിൽ ഉപയോഗപ്പെടു ത്തൽ, Geogebra തുടങ്ങിയ ഗെയിമുകൾ ചെയ്യുന്നു.<br>• തൂക്കം, നീളം തുടങ്ങിയ പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | സെപ്തംബർ - ഒക്ടോബർ | അധ്യാപകർ | |
| യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക | • ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടു ത്തൽ.<br>• ഗണിതക്വിസ് സംഘടിപ്പിക്കൽ.<br>• പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം ചെയ്യുന്നു. | നവംബർ - ഡിസംബർ | | |
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോ ഗിക പ്രശ്നത്തിൽ ഏർപ്പെടുന്നു. | • ക്ലാസ്സിൽ കച്ചവടക്കളി സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ ബാങ്ക് പദ്ധതി വീട്ടിൽ ആരംഭി ക്കുന്നു. | ജനുവരി | അധ്യാപകർ, രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | • ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, ചിത്രവര.<br>• ത്രിമാന വസ്തുക്കളുടെ നിർമ്മാണം<br>• ഭാഗങ്ങൾ കണ്ടെത്തൽ<br>• ക്ലാസിൽ പ്രദർശനം നടത്തൽ. | ഫെബ്രുവരി | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ | |
| ശേഷികൾ വിലയിരുത്തുക. | • മികവ് പ്രദർശനം<br>• വാർഷിക പരീക്ഷ<br>• അവധികാല പ്രവർത്തനങ്ങൾ | മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി വിഭാഗം – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ, പദങ്ങൾ, ആശയങ്ങൾ എന്നിവ കൃത്യമായി ഗ്രഹിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നു. | • ക്ലാസ്തല പത്രവായന<br>• അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവയുടെ കാർഡുകൾ വായന.<br>• സമാന പദങ്ങൾ ഉപയോഗിച്ച് വാക്യനിർമ്മാണം (കാർഡുകളുടെ നിർമ്മാണം) | ജൂൺ - സെപ്തംബർ | സി.പി.ടി.എ | 1000/- | |
| സാഹിത്യകാരന്മാരെയും കൃതികളേയും പരിചയപ്പെടൽ | • വിവിധ സാഹിത്യകൃതികൾ, സാഹിത്യകാരന്മാർ, പ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ശില്പശാല, സാഹിത്യകാരുമായുള്ള അഭിമുഖം - ചർച്ച, കൃതികളുടെ ദൃശ്യാവിഷ്കാരം.<br>• ദിനാചരണങ്ങൾ | ജൂലൈ - ഡിസംബർ | ഭാഷാധ്യാപകർ, മറ്റധ്യാപകർ | 2000/- | |
| കുട്ടികളുടെ സർഗ്ഗാത്മകശേഷി കണ്ടെത്തൽ.<br>സർഗ്ഗാത്മക രചനകൾക്കും അവതരണത്തിനും അവസരം | • ഭാഷാക്ലബ്ബുകളുടെ രൂപീകരണം, വാരാന്ത്യത്തിൽ ഒരു പിരിയഡ് കല-സാഹിത്യ പ്രവർത്തനം.<br>• അസംബ്ലിയിൽ മികച്ച രചനകളുടെ അവതരണം.<br>• രചനാ ക്യാമ്പുകൾ, കഥ-കവിത-സാഹിത്യ ശില്പശാലകൾ. | ജൂൺ - ഡിസംബർ | എസ്.ആർ.ജി, ഭാഷാധ്യാപകർ, മറ്റധ്യാപകർ | 1500/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| വായനാശീലം വളർത്തൽ | • വായനാദിനം പോലുള്ള പരിപാടി, ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവ ലഭ്യമാക്കാൽ | ജൂൺ - ഡിസംബർ | വിവിധ ക്ലബ്ബുകളുടെ ചുമതലയുള്ള മറ്റധ്യാപകർ | | |
| അഭിനയശേഷി വർദ്ധിപ്പിക്കൽ | • ക്ലാസ്തലത്തിൽ പാഠഭാഗങ്ങളുടെ ആവിഷ്ക്കാരം, അസംബ്ലിയിൽ അവതരണം | ആഗസ്ത് | ഭാഷാധ്യാപകർ | 1000/- | |
| മാറുന്ന സാഹചര്യത്തിൽ ICT സാധ്യത പരമാവതി പരിചയപ്പെടുത്തൽ. | • പാഠഭാഗങ്ങളുടെ ICT സാധ്യതകൾ വഴി കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ - ഡിസംബർ | ഭാഷാധ്യാപകർ | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി വിഭാഗം – അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ഭൗതികം | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ♦ വായന<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക. | • അറബിക് ലൈബ്രറി ശാക്തീകരണം.<br>• അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>• പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• കഥകൾ, കവിതകൾ, ചിത്രങ്ങൾ...<br>• വായനാകോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ -<br>നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി,<br>ഡയറ്റ്,<br>പൂർവ്വ വിദ്യാർത്ഥികൾ,<br>സ്പോൺസർഷിപ്പ് | |
| ♦ എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | • ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസ്സിലും അറബിയിൽ കഥയും കവിതയും മറ്റു വിഭാഗങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>• കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുക. | സെപ്തംബർ -<br>നവംബർ<br><br>നവംബർ -<br>ഡിസംബർ | | അധ്യാപകർ,<br>പൂർവ്വ വിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് | |
| ♦ അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | • മാസാന്ത ക്വിസ്കാർണിവൽ. ഓരോ മാസവും നിശ്ചിത തീയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുക്കുന്നു. | ജൂൺ മുതൽ<br>എല്ലാ മാസവും | ബോക്സ്<br>ലാപ്ടോപ്പ് | അധ്യാപകർ,<br>പൂർവ്വ വിദ്യാർത്ഥികൾ,<br>സ്പോൺസർഷിപ്പ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി വിഭാഗം – ഹിന്ദി

| ക്ലാസ്സ് | ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണ ഏജൻസി | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 5, 6 | മുഴുവൻ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | • വായനാ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തി സമ്മാന വിതരണം. | വിഷയാധ്യാപകർ | | |
| 5, 6 | ഹിന്ദി ഭാഷ ലളിതമാക്കുന്നതിനായി നന്നായി ഭാഷ കൈകാര്യം ചെയ്യു. തിനായി കുട്ടികളെ പ്രാപ്തരാക്കുക. | • ഗ്രൂപ്പ് ഉണ്ടാക്കി കുട്ടികളെ ദൈനംദിന ആവശ്യങ്ങൾക്കുള്ള സെന്റൻസ് പഠിപ്പിക്കുന്നതിലൂടെ ഭാഷ സുഗമമാക്കി കൈകാര്യം ചെയ്യുവാനായി പ്രാപ്തരാക്കുക. | വിഷയാധ്യാപകർ | | |
| 7 | സ്വന്തമായി വാക്യങ്ങൾ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | • ക്ലാസുതലത്തിലല്ലാതെ മറ്റു സമയങ്ങളിൽ കുട്ടികളെ സർഗാത്മക രചനകൾ ഉണ്ടാക്കുംവിധം പ്രാപ്തരാക്കുക. | വിഷയാധ്യാപകർ | | |

# ACADEMIC MASTER PLAN

***SUBJECT : ENGLISH*** ***CLASS : UP***

| Aim | Activities | Duration | Agency | Financial Source | Remarks |
|---|---|---|---|---|---|
| ♦ To communicate English freely without inhibition.<br>♦ To enrich the English speaking capability among the students.<br>♦ To take other opportunities for improving the speaking ability incorporating other subjects and free time. | ***A day for English***<br>• Students speak English only on that day in the class rooms and outside the class rooms.<br>• The teachers interact them in English any while taking other subjects also by giving instructions. | 6 months | Staff, PTA | | |
| ♦ To comprehend the English text very easily in<br>♦ To enrich the use of vocabulary that they have studied.<br>♦ To create an English ambience in the class room.<br>♦ To create interest in English learning process.<br>♦ To write scripts based on the story or poems. | ***Dramatization of stories and choreography***<br>• The students prepare script based on the story or poems that have studied. They take practice at the time of lunch break and perform it in the class or school auditorium. | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ്സ്തലം

## യു.പി.വിഭാഗം : അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ഏഴാം ക്ലാസ്സിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക. | • മുഴുവൻ പാഠഭാഗങ്ങളുടെയും സൂക്ഷ്മതല ആസൂത്രണം തയ്യാറാക്കുന്നു.<br>• ഓരോ യൂണിറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• പ്രക്രിയാധിഷ്ഠിത ക്ലാസ് റൂം അനുഭവങ്ങൾ ഉറപ്പാക്കുന്നു.<br>• നിരന്തരമൂല്യ നിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ കൃത്യമായി നടത്തുന്നു. | 2025 - 2026 | സയൻസ് ടീച്ചർ /<br>സബ്ജക്ട് കൗൺസിൽ | 5000/- | |
| ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കൽ. | • സൂക്ഷ്മതല ആസൂത്രണം.<br>• പ്രക്രിയാധിഷ്ഠിത ബോധനം.<br>• ക്ലാസ് ലാബ് ശാക്തീകരണം.<br>• എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യാൻ അവസരം ലഭിക്കും വിധം ക്ലാസ് സയൻസ് എക്സ്പിരിമെന്റ് സർക്കിൾ.<br>• ഹോംലാബ് ക്ലാസ്റൂം പഠനത്തിന്റെ ഭാഗമാക്കൽ.<br>• സ്കൂൾലാബ് ശാക്തീകരണം വിഭവശേഖരണം.<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ്. | 2025 - 2026<br>2025 - 2026<br>2025 - 2026<br>എല്ലാ വർഷവും<br>എല്ലാ വർഷവും<br>എല്ലാ വർഷവും | സയൻസ് ടീച്ചർ<br>സയൻസ് ടീച്ചർ<br>പി.ടി.എ<br>മാനേജിംഗ് കമ്മിറ്റി<br>എസ്.എസ്.കെ | 100000/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ശാസ്ത്രപഠനത്തിന്റെ ഭാഗമായി ശാസ്ത്രത്തിലെ നൂതന പ്രവണതകൾ ഉൾച്ചേർക്കൽ | • നൂതനാശയം കാർഡ് / ബോർഡ് സ്ഥാപിക്കൽ.<br>• ഇന്നൊവേറ്റീവ് കാർഡ് പ്രയോജനപ്പെടുത്തി ക്ലാസ്തല പ്രശ്നോത്തരി.<br>• സയൻസ് സർക്കിളുകൾ ഇന്നവേറ്റീവ് കാർഡിൽ നൂതനാശയങ്ങൾ കണ്ടെത്തി അവതരണം.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾക്ക് മുൻഗണന.<br>• സർക്കിളുകൾക്ക് ചുമതല. | 2025 - 2026<br>2025 - 2026<br>2025 - 2026 | എസ്.ആർ.ജി<br>സയൻസ് ടീച്ചർ<br>എസ്.ആർ.ജി<br>സയൻസ് ടീച്ചർ<br>എസ്.ആർ.ജി<br>സയൻസ് ടീച്ചർ | 2000/- | |
| ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായും ആത്മവിശ്വാസത്തോടെയും ചെയ്യുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ | • മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി എക്സ്പിരിമെന്റ് സർക്കിൾ രൂപീകരണം ഒരു സർക്കിളിൽ പരമാവധി 8 പേർ. | 2025 - 2026 | സയൻസ് ടീച്ചർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| പരീക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ. | • സയൻസ് സർക്കിളുകൾ ഗ്രൂപ്പ് ചുമതല വിഭജനം.<br>• സർക്കിൾ ലീഡർമാർ പ്രവർത്തനം നിയന്ത്രിക്കൽ.<br>• ദിവസവും ശാസ്ത്ര ക്ലാസിന് മുമ്പ് ഒരു സർക്കിൾ ഒരു പരീക്ഷണം ചെയ്യുന്നു.<br>• സർക്കിളിൽ എല്ലാ കുട്ടികൾക്കും അവസരം ഉറപ്പാക്കൽ.<br>• പരീക്ഷണത്തിന് ശേഷം ഹോംവർക്കായി എല്ലാവരും പരീക്ഷണകുറിപ്പ് തയ്യാറാക്കണം.<br>• എന്റെ പരീക്ഷണ പുസ്തകം പ്രയോജനപ്പെടുത്തൽ.<br>• ദേശീയശാസ്ത്രദിനാചരണം, പഠനോൽസവം, ശാസ്ത്രമേളകൾ എന്നിവയിൽ മികച്ച സർക്കിളുകൾ പരീക്ഷണം അവതരിപ്പിക്കുന്നു. | 2025 - 2026<br>2025 - 2026 | സയൻസ് ടീച്ചർ | 1000/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- |
| കുട്ടികളിൽ ഗവേഷണ മനോഭാവം വളർത്തൽ | • <u>പ്രൊജക്ട് ഗൈഡ്</u><br>സ്കൂൾ പ്രദേശത്തെ പ്രധാന പാരിസ്ഥിതിക - ആരോഗ്യ-സാമൂഹിക പ്രശ്നങ്ങൾ പഠിക്കുന്നതിനും ഗവേഷണ അഭിരുചി വളർത്തുന്നതിനും പ്രൊജക്ട്ഗൈഡ് പദ്ധതി ലോഞ്ച് ചെയ്യുന്നു.<br>• ഓരോ ക്ലാസ്സിലും എല്ലാ കുട്ടികളെയും പരിഗണിക്കുംവിധം പ്രോഗ്രാം ലോഞ്ച് ചെയ്യുന്നു.<br>• കൂടുതൽ താല്പര്യമുള്ള കുട്ടികൾക്ക് അവസരമൊരുക്കൽ.<br>• ബാലശാസ്ത്ര കോൺഗ്രസ്, ജൈവവൈവിധ്യ കോൺഗ്രസ്, ശാസ്ത്രമേള എന്നിവയിലേക്ക് അവസരം | എല്ലാ വർഷവും | സയൻസ് ടീച്ചർ<br><br>സയൻസ് ക്ലബ്ബ് | 5000/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ശാസ്ത്രാശയങ്ങൾ നിത്യജീവിത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തൽ. | • <u>സയൻസ് ഡെ ഗൈഡ്</u><br>ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ ക്ലാസ്തല ത്തിൽ ആഘോഷിക്കൽ.<br>• സയൻസ് ഡെ ഗൈഡ് പരിപാടി തുടക്കം കുറിക്കൽ.<br>• എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി നേരത്തെ രൂപീകരിച്ച സയൻസ് എക്സ്പിരിമെന്റ് സർക്കിളിന് ശാസ്ത്ര പ്രാധാന്യമുള്ള ദിനാചരണ ചുമതല വിഭജിച്ച് നൽകൽ.<br>• പ്രധാന ദിനങ്ങളിൽ അതാത് സർക്കിളുകൾ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ - ദിനാചരണം അടിസ്ഥാനമാക്കി ശാസ്ത്ര ക്വിസ് സർക്കിളുകളുടെ നേതൃത്വത്തിൽ നടത്തൽ.<br>• ക്ലാസ് പി.ടി.എ-കളിൽ/ഒരു മാസം അവസാനം വിജയികൾക്ക് സമ്മാനം നൽകൽ. | 2025 - 2026<br><br>2025 - 2026<br><br>2025 - 2026 | സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ | 500/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ശാസ്ത്ര പ്രതിഭാപോഷണം | • ഓരോ പാഠഭാഗവുമായിബന്ധപ്പെട്ട് എക്സ്റ്റൻഷൻ ചോദ്യങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ.<br>• പ്രതിഭാപോഷണ ഗ്രൂപ്പ് രൂപീകരണം.<br>• തുടർ പ്രവർത്തനങ്ങൾ, ഉയർന്ന നിലവാരമുള്ള പ്രവർത്തനങ്ങൾ എന്നിവ തയ്യാറാക്കൽ - നൽകൽ.<br>• യു.എസ്.എസ് പരീക്ഷകളിലെ ശാസ്ത്ര ചോദ്യങ്ങളെ നേരിടാൻ പ്രാപ്തരാക്കൽ.<br>• മാസത്തിലൊരു ശാസ്ത്ര പ്രതിഭാ പോഷണ പരീക്ഷ. | 2025 - 2026<br>2025 - 2026<br>2025 - 2026<br>2025 - 2026<br>2025 - 2026,് | എസ്.ആർ.ജി<br>സയൻസ് ടീച്ചർ<br>എസ്.ആർ.ജി | 10,000/- | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
